جـــامـــــعة الـــهند الإســــلامـــــية
JAMIATHUL HIND AL ISLAMIYYA

# ജെ-സാറ്റ് പ്രവേശന പരീക്ഷ 2026

പരീക്ഷാർത്ഥികൾക്കുള്ള നിർദേശങ്ങൾ :

ജാമിഅതുൽ ഹിന്ദ് അൽ ഇസ്ലാമിയ്യയുടെ J-SAT പരീക്ഷക്ക് താങ്കൾ അപേക്ഷിച്ചതിന്റെയടിസ്ഥാനത്തിൽ താങ്കൾക്കുള്ള J-SAT പരീക്ഷ ഈ വരുന്ന ശനി (മെയ് 2ന്) നടക്കുകയാണല്ലോ. താങ്കൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇതിനകം താങ്കൾ ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്തിട്ടുണ്ടാകുമെന്ന് കരുതുന്നു. കൂടാതെ, താഴെ പറയുന്ന നിർദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:

- ഹാൾ ടിക്കറ്റിന് പുറമെ തിരിച്ചറിയൽ കാർഡ് കരുതണം, ഇൻവിജ്ലേറ്റർ ആവശ്യപെട്ടാൽ കാണിക്കണം.
- ഹാൾ ടിക്കറ്റിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന കേന്ദ്രത്തിൽ വെച്ചായിരിക്കും J-SAT പരീക്ഷയും ഇന്റർവ്യൂവും നടക്കുന്നത്.
- എഴുത്ത് പരീക്ഷക്കും ഇന്റർവ്യൂവിനും ഹാൾടിക്കറ്റിൽ നിർദേശിക്കുന്ന സമയത്തിന് അരമണിക്കൂർ മുമ്പ് (9.30ന്) തന്നെ ഹാളിൽ ഹാജരാകേണ്ടതാണ്.
- പരീക്ഷ തുടങ്ങി ഒരു മണിക്കൂർ കഴിഞ്ഞു വരുന്ന വിദ്യാർഥിക്ക് അവസരം നഷ്ടപ്പെടും. വൈകി വരുന്നവർക്ക് അധിക സമയം അനുവദിക്കുന്നതുമല്ല.
- എട്ടാം ക്ലാസ്സിലേക്കുള്ള പരീക്ഷയിൽ രണ്ട്  പാർട്ട് ചോദ്യങ്ങളാണുണ്ടാകുക. പാർട്ട് ഒന്നിൽ 50 ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളും പാർട്ട് രണ്ടിൽ മൂന്ന് ഡിസ് ക്രിപ്റ്റീവ് ചാദ്യങ്ങളുമാണുണ്ടാകുക.
- ഏഴാം ക്ലാസ്സിലേക്കുള്ള പരീക്ഷയിൽ രണ്ട്  പാർട്ട് ചോദ്യങ്ങളാണുണ്ടാകുക. പാർട്ട് ഒന്നിൽ 50 ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളും പാർട്ട് രണ്ടിൽ മൂന്ന് ഡിസ്ക്രിപ്റ്റീവ് ചോദ്യങ്ങളുമാണുണ്ടാകുക. ഉത്തരങ്ങൾ നൽകുന്ന പേപ്പറിൽ ത ന്നെയാണ് ടിക്ക് (✓) മാർക്ക് ചെയ്യേണ്ടത്.  ഒ.എം.ആർ ഉണ്ടാകില്ല.
- പ്ലസ് വണ്ണിലേക്കുള്ള എഴുത്ത് പരീക്ഷയിൽ മൂന്നു പാർട്ടുകളുണ്ടാകും. പാർട്ട് ഒന്ന്, രണ്ട് എന്നിവ 50 വീതം ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളായിരിക്കും. പാർട്ട് മൂന്നിൽ മൂന്നു ഡിസ്ക്രിപ്റ്റീവ് ചോദ്യങ്ങളുമുണ്ടാകും.
- ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങൾക്ക് നാലു ചോയ്സുകൾ നൽകിയിരിക്കും. ഇതിൽ ഏറ്റവും ശരിയായ ചോയ്സിനെ ഒ.എം.ആർ ഷീറ്റിൽ രേഖപ്പെടുത്തുകയാണ് വേണ്ടത്. ഒ.എം.ആർ ഷീറ്റ് ഉപയോഗിക്കുന്ന രീതി നേരത്തെ തന്നെ വിദ്യാർത്ഥി പഠിക്കേണ്ടതാണ്. ജാമിഅതുൽ ഹിന്ദ് വെബ്സൈറ്റിൽ വിശദമായ വിഡിയോ ലഭ്യമാണ്.
- കറുപ്പ് അല്ലെങ്കിൽ നീല ബോൾ പോയിന്റ് പേന ഉപയോഗിച്ചായിരിക്കണം ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നത്.
- ചോദ്യ പേപ്പറിലാണ് ഡിസ്ക്രിപ്റ്റീവ് ചോദ്യങ്ങൾക്ക് ഉത്തരം എഴുതേണ്ടത് എന്നതിനാൽ ചോദ്യ പേപ്പറും തിരിച്ചു നൽകണം.
- എഴുത്ത് പരീക്ഷക്കും ഇന്റർവ്യൂവിലും പങ്കെടുക്കാൻ ഹാൾടിക്കറ്റ് നിർബന്ധമാണ്.
- പേന, സാധാരണ വാച്ച് ,ഹാൾടിക്കറ്റ്, ഐഡന്റിറ്റി കാർഡ് എന്നിവയ്ക്ക് പുറമേ വിദ്യാർത്ഥി ഒന്നും പരീക്ഷ ഹാളിൽ കൈവശം വെക്കാൻ പാടില്ല.
- കാൽക്കുലേറ്റർ, മൊബൈൽ ഫോൺ തുടങ്ങിയ എല്ലാ ഉപകരണങ്ങളും പരീക്ഷ ഹാളിൽ നിരോധിച്ചിരിക്കുന്നു.
- ഒ.എം.ആർ ഉത്തരക്കടലാസിൽ രജിസ്റ്റർ നമ്പർ, ചോദ്യ പേപ്പർ കോഡ്, എക്സാം സെന്റർ കോഡ് എന്നിവ കൃത്യമായി പൂരിപ്പിക്കേണ്ടതാണ്.
- ഹാൾടിക്കറ്റിലുള്ളത് പ്രകാരമുള്ള പേരും, എക്സാം സെന്റർ കോഡും , രജിസ്റ്റർ നമ്പറുമാണ് ഒ.എം.ആർ ഷീറ്റിലും ചോദ്യപേപ്പറിലും എഴുതേണ്ടത്. അപ്ലിക്കേഷൻ ഐഡിയുടെ അവസാനത്തെ ആറ് അക്ക സംഖ്യയാണ് രജിസ്റ്റർ നമ്പറായിട്ട് എഴുതേണ്ടത്.
- മറ്റു ഒ.എം.ആർ നിർദേശങ്ങൾ  ഷീറ്റിൽ തന്നെ നൽകിയിട്ടുണ്ട്. അവ പ്രത്യേകം ശ്രദ്ധിക്കണം.
- ഇന്റർവ്യൂവിന്റെ തൊട്ടുമുമ്പ് വിദ്യാർത്ഥിയുടെ സെർട്ടിഫികറ്റുകൾ വെരിഫൈ ചെയ്യുന്നതാണ്. ഇതിനായി വിദ്യാർത്ഥികൾ അപേക്ഷ സമയത്ത് കാണിച്ച മാർക്ക് ലിസ്റ്റുകൾ, സാഹിത്യോത്സവുകൾ, ജാമിഅ മഹ്റജാൻ, സ്കൂൾ കലോല്സവം, സ്കോളർഷിപ്പുകൾ തുടങ്ങിയ എല്ലാത്തിന്റെയും ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഹിഫ്ള് പൂർത്തീകരിച്ച വിദ്യാർത്ഥികൾ അതിന്റെയും സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഇവക്കെല്ലാം പ്രത്യേകം ഗ്രേസ് മാർക്ക് നൽകപ്പെടും.
- വായന ക്ഷമത, മറ്റു കഴിവുകൾ തുടങ്ങിയവ ആയിരിക്കും ഇന്റർവ്യൂവിൽ പ്രധാനമായും പരിശോധിക്കുക.
- പരീക്ഷയുടെ ഫലങ്ങൾ https://jamiathulhind.com/ എന്ന ഔദ്യോഗിക വെബ്സൈറ്റിൽ പിന്നീട് പ്രഖ്യാപിക്കും.
- വിദ്യാർത്ഥികളുടെ അലോട്ട്മെന്റ്, പ്രവേശന നടപടിക്രമങ്ങൾ തുടങ്ങിയവ ഓൺലൈൻ പോർട്ടൽ വഴിയും മാധ്യമങ്ങൾ വഴിയും അറിയിക്കും.

കൂടുതൽ വിവരങ്ങൾക്ക് : 6235492844